<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5510

28/07/2015 - ൽ മറുപടിക്ക്

## കോട്ടയത്തെ കുടുംബശ്രീ ഭക്ഷ്യമേള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ശിവൻകുട്ടി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| (എ) കോട്ടയത്ത് കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഒരു ഭക്ഷ്യമേള നടന്നോ; എങ്കിൽ എന്നാണ്; | (എ) 4 ഫെസ്റ്റുകളാണ് നടന്നിട്ടുള്ളത്.<br>1. ട്രാവൻകൂർ മനോരമ ഫെസ്റ്റ് - 2012 ഡിസംബർ 14 മുതൽ 25 വരെ<br>2. വനിതാ മാക്സ് ഫെസ്റ്റ് - 2013 ഏപ്രിൽ 5 മുതൽ 15 വരെ<br>3. വനിതാ മാക്സ് ഫെസ്റ്റ് - 2014 ഏപ്രിൽ 25 മുതൽ മെയ് 6 വരെ<br>4. വനിതാ മാക്സ് ഫെസ്റ്റ് - 2015 മെയ് 1 മുതൽ 12 വരെ |
| (ബി) പ്രസ്തുത ഭക്ഷ്യമേളയുടെ മേൽനോട്ടം ഐഫ്രം എന്ന തൃശ്ശൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഒരു പുരുഷ സംഘടനയാണോ നിർവ്വഹിച്ചത്; | (ബി) 2013 ഏപ്രിൽ 5 മുതൽ 15 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റ്, 2014 ഏപ്രിൽ 25 മുതൽ മെയ് 6 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റ് എന്നിവയാണ് ഐഫ്രത്തിന്റെ മേൽനോട്ടത്തിൽ നടന്ന ഫെസ്റ്റുകൾ. |
| (സി) എങ്കിൽ പ്രസ്തുത സംഘടനയ്ക്ക് ഈയിനത്തിൽ എത്ര തുകയാണ് നൽകിയത്; | (സി) 2013 ഏപ്രിൽ 5 മുതൽ 15 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റിന് 3,00,441 രൂപയും, 2014 ഏപ്രിൽ 25 മുതൽ മെയ് 6 വരെ നടന്ന വനിതാ മാക്സ് ഫെസ്റ്റിന് 1,12,181 രൂപയുമാണ് ഐഫ്രത്തിന് നൽ കിയത്. |
| (ഡി) ആയതിന്റെ സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ; | (ഡി) കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 06.05.2014, 25.9.2014 എന്നീ തീയതികളിലെ കെ.എസ്/ജെ/2168/2014, 04.04.2014 ലെ കെ.എസ്/ജെ/1737/2013 എന്നീ ഉത്തരവുകൾ. |
| (ഇ) ഏതൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സംഘടനയ്ക്ക് മേല്പറഞ്ഞ ചുമതല നൽകിയത് എന്ന് വ്യക്തമാക്കുമോ? | (ഇ) കുടുംബശ്രീ കാന്റീൻ കാറ്ററിംഗ് മേഖലയിലെ പരിശീലന ഗ്രൂപ്പ് എന്നതിന്റെ അടിസ്ഥാനത്തിലാണ് ഐഫ്രത്തിന് മേൽ ഭക്ഷ്യമേളകളുടെ മേൽനോട്ട ചുമതല നൽകിയത്. 19.01.2011 ലെ കെ.എസ്./എം/16/2011 നമ്പർ ഉത്തരവ് പ്രകാരമാണ് ഐഫ്രത്തെ കുടുംബശ്രീയുടെ കാന്റീൻ കാറ്ററിംഗ് മേഖലയിലെ പരിശീലന ഗ്രൂപ്പായി തീരുമാനിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.